പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3022. 11.12.2014 ൽ
മറുപടിക്ക്.

അസാപ് (A S A P) - സ്കിൽ പാർക്കുകൾ

ചോദ്യം
ശ്രീ.ടി.വി.രാജേഷ്

മറുപടി

ശ്രീ. പി. കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനത്തിന് പരിശീലനം നൽകുന്ന പദ്ധതിയ്ക്ക് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്നും വായ്പ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയാണ് വായ്പ ലഭിച്ചത് ; ഈ വായ്പയുടെ വ്യവസ്ഥകൾ എന്തൊക്കെയാണ് ; വിശദാംശം നൽകുമോ ; | (എ) | ഉണ്ട്. 100 മില്ല്യൺ ഡോളേഴ്സ് (621 കോടി രൂപ) വായ്പ ലഭിക്കുന്നതാണ്. ഇതിന്റെ ആദ്യഗഡുവായി 20 മില്ല്യൺ ഡോളേഴ്സ് (120 കോടി രൂപ) ഈ വർഷത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതൊരു RBL (Result Based Lending) ആണ്. 2018 നുള്ളിൽ 2,30,000 കുട്ടികൾക്ക് ഏതെങ്കിലും ഒരു തൊഴിൽ മേഖലയിൽ നൈപുണ്യം നൽകുക, ഈ കുട്ടികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുക, 35 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കുക, Skill Development Centre ആയി പ്രവർത്തിക്കുന്ന, നിലവിലുള്ള സർക്കാർ സ്കൂൾ/കോളേജുകളെ നവീകരിക്കുക, 900 സ്ഥാപനങ്ങളെ അസാപ് പദ്ധതിയിൽ ചേർക്കുക, 2000 ത്തോളം സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളെ കണ്ടെത്തുക തുടങ്ങിയവയാണ് ഇതിന്റെ വ്യവസ്ഥകൾ. |
| (ബി) | അസാപിന്റെ (A S A P) ന്റെ കീഴിൽ എവിടെയൊക്കെയാണ് സ്കിൽ പാർക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളത് ; ഇതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;വിശദാംശം നൽകുമോ? | (ബി) | ആദ്യ ഘട്ടത്തിൽ 35 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതിനു ആവശ്യമായ സർക്കാർ ഭൂമി ലഭ്യമാക്കാൻ എം.എൽ.എ മാരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 15000 മുതൽ 20000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്കിൽ ട്രെയിനിംഗ് സെന്ററുകളായിരിക്കും കമ്മ്യൂണിറ്റി സ്കിൽ പാർക്ക്. ഇവയിൽ ഹെവി മെഷിനറി, ഐ.ടി, പ്രിവിഷൻ, ആക്ടിവിറ്റി എന്നിവ അടിസ്ഥാനമാക്കിയ തൊഴിൽ പരിശീലനത്തിന് സൗകര്യമുണ്ടായിരിക്കും. |

സെക്ഷൻ ഓഫീസർ